(ബി) ഒരു പ്രദേശത്ത് മദ്യഷാപ്പുകൾ വേണമോ. വേണ്ടയോ എന്നു നിശ്ചയിക്കാനുള്ള അധികാരം പ്രാദേശിക ഭരണകൂടങ്ങൾക്ക് നൽകുകയാണെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ പഞ്ചായത്ത് നഗരപാലിക നിയമത്തിലെ. റദ്ദ് ചെയ്യപ്പെട്ട മദ്യനിരോധന ജനാധികാര വകുപ്പുകൾ (232, 447) പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1), 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, കേരള മുനിസിപ്പലിറ്റി ആക്ട് സെക്ഷൻ 447(1) എന്നിവ പ്രകാരം മദ്യഷാപ്പുകളുടെ പ്രവർത്തനത്തിൽ ഇപ്പോഴും പ്രാദേശിക ഭരണകൂടങ്ങൾക്ക് നിയന്ത്രണമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ സർചാർജ്

177 (1935) ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ 'സർചാർജ്' നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് അതോറിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ച് നഷ്ടോത്തരവാദികൾക്കെതിരെ സർച്ചാർജ് നടപടി സ്വീകരിക്കുന്നത് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പാണ്. അതിനാൽ ഇക്കാര്യത്തിൽ സർചാർജ് നടപടി സർക്കാരിന് സ്വീകരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly